*To DBI - 12.08.2015*

# പുരോഗമന അധ്യാപക പ്രസ്ഥാനം രജതജൂബിലി നിറവിൽ

**കെ സി ഹരികൃഷ്ണൻ**

**ജനറൽ സെക്രട്ടറി, കെ എസ് ടി എ**

ദേശീയപ്രസ്ഥാനത്തിന്റെ മടിത്തട്ടിൽ പിറന്നുവീണ് അതിനോടൊപ്പം ഉയർന്നുവന്ന ഒരു സാമ്രാജ്യത്വ വിരുദ്ധ പ്രസ്ഥാനമാണ് കേരളത്തിലെ പുരോഗമന അധ്യാപക പ്രസ്ഥാനം. കേരളത്തിൽ പ്രത്യേകിച്ച് മലബാറിൽ സാമ്രാജ്യത്വത്തിന്റെ സാമൂഹ്യ അടിത്തറയായി വർത്തിച്ച ജന്മിത്വത്തിനെതിരെയും അത് പോരാടിയതോടൊപ്പം അധ്യാപകരുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനുള്ള എണ്ണമറ്റ പ്രക്ഷോഭങ്ങൾക്കും നേതൃത്വം നൽകി. അതിന്റെ നേരവകാശികളാണ് കെ.എസ്.ടി.എ. 1980 ൽ രൂപംകൊ് ഗവൺമെന്റ് മേഖലയിൽ പ്രവർത്തിച്ചിരുന്ന പ്രധാനസംഘടനയായ കെ.ജി.ടി.എ യും 1973 ൽ രൂപംകൊ് സ്വകാര്യസ്കൂൾ മേഖലയിൽ പ്രവർത്തിച്ചിരുന്ന കെ.പി.ടി.യുവും 1991 ഫെബ്രുവരി 14 ന് സംയോജിച്ച് പുതിയ അധ്യാപകപ്രസ്ഥാനമായ കെ.എസ്.ടി.എ രൂപംകൊു. സ്കൂൾ അധ്യാപകർക്കാകെ ഒറ്റ സംഘടന എന്ന ആശയം അടിത്തറയാക്കി മൈനസ് ടു മുതൽ പ്ലസ് ടു വരെ പഠിപ്പിക്കുന്ന മുഴുവൻ അധ്യാപകരെയും ഉൾക്കൊള്ളുന്നതാണ് കെഎസ്ടിഎ. അധ്യാപനം രാഷ്ട്രസേവനം, രാഷ്ട്രസേവനം ജീവത ലക്ഷ്യം, സാമ്രാജ്യത്വം തുലയട്ടെ എന്നീ മുദ്രാവാക്യം അംഗീകരിച്ചുകൊ് സാമ്രാജ്യത്വ വിരുദ്ധപ്രസ്ഥാനത്തിന്റ കൈവഴിയായി രൂപപ്പെട്ട ഈ പ്രസ്ഥാനം അതിന്റെ പൈതൃകം ഉയർത്തിപ്പിടിച്ചുകൊ് ആഗോളവത്കരണനയങ്ങൾ വിദ്യാഭ്യാസമേഖലയിലും അധ്യാപകസമൂഹത്തിലും സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾക്കെതിരായ പോരാട്ടത്തിലേർപ്പെട്ടിരിക്കുകയാണ്.

സ്വാതന്ത്ര്യസമരത്തിന്റെ തീച്ചൂളയിൽ പിറന്നുവീണ അധ്യാപകപ്രസ്ഥാനത്തിന്റെ ഉജ്ജ്വലമായ പാരമ്പര്യം മുന്നോട്ടുകൊുപോകാനും അധ്യാപകതാൽപര്യവും സാധാരണക്കാരന്റെ വിദ്യാഭ്യാസ താൽപര്യവും സംരക്ഷിക്കാനും പ്രതിജ്ഞാബദ്ധമായ കെഎസ്ടിഎ അതിന്റെ കർമനിരതമായ പ്രവർത്തനങ്ങളുടെ 25 വർഷം പൂർത്തിയാക്കുകയാണ്. ജനപക്ഷവും മതനിരപേക്ഷവുമായ വിദ്യാഭ്യാസം കടുത്ത വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ പൊതുവിദ്യാഭ്യാസം സംരക്ഷിക്കൂ .. നാടിൻ നന്മകൾ നിലനിർത്തൂ .. എന്ന മുദ്രാവാക്യം ഉയർത്തി രജതജൂബിലി വർഷത്തിലേക്ക് കടക്കുകയാണ്.

രജതജൂബിലിയിലേക്ക് കടക്കുന്ന പുരോഗമന അധ്യാപകപ്രസ്ഥാനം കടുത്ത വെല്ലുവിളികളാണ് നേരിടുന്നത്. പതിറ്റാുകളുടെ പ്രയത്നത്തിലൂടെ വിദ്യാഭ്യാസ രംഗത്ത് നാം നേടിയ നേട്ടങ്ങളെയാകെ തകിടം മറിക്കുകയാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ. പൊതുവിദ്യാഭ്യാസത്തിന്റെ വ്യാപനത്തിലൂടെ കേരളത്തിലുായ നന്മകളെയെല്ലാം പിന്തിരിപ്പൻ നയങ്ങളിലൂടെ തകർത്തെറിയാൻ മത്സരിക്കുകയാണ് സർക്കാരുകൾ. കേന്ദ്രത്തിൽ നരേന്ദ്രമോഡി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ മേഖലയിൽ അതിതീവ്രമായ വർഗ്ഗീയ വത്കരണമാണ് നടക്കുന്നത്. ഹിന്ദു രാഷ്ട്രം സ്ഥാപിക്കുക എന്ന തങ്ങളുടെ സ്വപ്നം സാർത്ഥകമാക്കാൻ വിദ്യാഭ്യാസത്തെ പ്രത്യയശാസ്തരപരമായ ആയുധമാക്കുകയാണ് ബിജെപിയും സംഘപരിവാറും. സംഘപരിവാറിന്റെ വിദ്യാഭ്യാസ അജകൾ മാനവവിഭവ ശേഷിവകുപ്പിലൂടെ നടപ്പിലാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഹിന്ദു രാഷ്ട്ത്തിന് അനുഗുണമാംവിധം ദേശീയ വിദ്യാഭ്യാസ നയത്തെ ഉടച്ചുവാർക്കുന്നതിനുള്ള ചുമതല ആർഎസ്എസിന്റെ ഉപസംഘടനയായ ശിക്ഷാസംസ്കൃതി ഉത്ഥാൻന്യാസിന്റെ ദേശീയ അധ്യക്ഷൻ ദിനനാഥ് ബാത്രയെ ഏൽപിച്ചിരിക്കുകയാണ്. യുവമനസ്സുകളിൽ വർഗ്ഗീയ വിഷം കുത്തിക്കയറ്റാൻ വിദ്യാഭ്യാസത്തെ ആയുധമാക്കുന്ന ആർഎസ്എസും ബിജെപിയും രാജ്യത്തിന്റെ സർവമത സംസ്കാരം തകർക്കാനും നമ്മുടെ ചരിത്രത്തെ വളച്ചൊടിച്ചേ മതിയാവൂ എന്ന് തിരിച്ചറിഞ്ഞിട്ടു്. ഇങ്ങനെ വളച്ചൊടിക്കപ്പെട്ട ചരിത്രം പ്രൈമറിക്ലാസ്സുകൾ മുതൽ കുട്ടികളെ പഠിപ്പിച്ച് രാജ്യത്തിന്റെ മതേതര സ്വഭാവം കളങ്കപ്പെടുത്താനുള്ള നീക്കങ്ങളാണ് കേന്ദ്രസർക്കാർ നടത്തുന്നത്.

കേരളത്തിലാണെങ്കിൽ പൊതുവിദ്യാഭ്യാസ മേഖലയെ പൂർണ്ണമായും തകർത്ത് കച്ചവടശക്തികൾക്ക് അടിയറവെക്കുന്നതിന് വേിയുള്ള ബോധപൂർവ്വമായ ശ്രമങ്ങളാണ് യുഡിഎഫ് സർക്കാർ നട

ത്തിക്കൊരിക്കുന്നത്. വിദ്യാഭ്യാസം ആസ്ഥിയല്ല ബാധ്യതയാണെന്ന ഒരു കച്ചവടക്കാരന്റെ ചിന്താഗതിയാണ് സർക്കാരിനെ നയിക്കുന്നത്. അത് നിർവഹിക്കുന്ന സാമൂഹ്യ ധർമ്മം ഗവൺമെന്റ് കി ല്ലെന്ന് നടിക്കുന്നു. അതുകൊുതന്നെ നഷ്ടത്തിലായ വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടണം എന്നുപറയുന്ന പോലെ കുട്ടികൾ കുറവായ വിദ്യാലയങ്ങൾ അടച്ചുപൂട്ടണമെന്നാണ് സർക്കാർ പറയുന്നത്. ഇതിനിവേിയുള്ള പരിഷ്കരങ്ങളാണ് നടപ്പിലാക്കുന്നത്. പൊതുവിദ്യാഭ്യാസ മേഖലയിലെ നേട്ടങ്ങളെ ഒന്നൊന്നായി തകർക്കുന്നു. ദേശീയ തലത്തലും അന്തർദേശീയ തലത്തിലും അംഗീകരിക്കപ്പെട്ട ബോധനരീതിയും പാഠ്യപദ്ധതിയും യുഡിഎഫ് സർക്കാരും വലതുപക്ഷ വിദ്യാഭ്യാസ വിദഗ്ധരും ചേർന്ന് അട്ടിമറിച്ചു. വിമർശനാത്മക ബോധന ശാസ്ത്രം പ്രശ്നാപഗ്രഥന രീതി, അറിവ് നിർമ്മാണ പ്രക്രിയയുടെ സാമൂഹികമായ അടിത്തറ തുടങ്ങി സൈധാന്തിക അടിത്തറകളെ മാർക്സിസ്റ്റുവൽക്കരണം എന്നു മുദ്രകുത്തി തകർക്കാൻ സംഘടിതമായ ശ്രമങ്ങളാണ് നടന്നത്. പാഠ്യപദ്ധതിക്കും പാഠപുസ്തകങ്ങൾക്കും എതിരെ സാമുദായിക സംഘടനകൾ പരസ്യമായി കലാപത്തിനൊരുങ്ങി. പാഠപുസ്തകങ്ങൾ കത്തിച്ചും അധ്യാപകനെ ചവിട്ടിക്കൊന്നും നടത്തിയ ആഭാസ സമരം രാഷ്ട്രീയ നേട്ടം കൊയ്യാനും യുഡിഎഫ് ഉപയോഗിച്ചു. യാതൊരു അക്കാദമിക് അടിസ്ഥാനവുമില്ലാതെയാണ് 2007 ലെ പാഠ്യപദ്ധതി പിൻലിച്ചത്. വിദ്യാഭ്യാസമെന്നാൽ മത്സരപരീക്ഷയിൽ വജയിക്കുക എന്നത് മാത്രമാണെന്ന മധ്യവർഗ്ഗ ചിന്തയാണ് ഈ മാറ്റത്തിന് പിന്നിലെ ഊർജ്ജ സ്രോതസ്സ്. വിമർശകരെയല്ല , വിധേയരെയാണ് സൃഷ്ടിക്കേത് എന്ന നവ ലിബറൽ ശക്തികളുടെ കുടില തന്ത്രമാണ് ഇതിലൂടെ നടപ്പാക്കുന്നത്. ഇതിനെ ചെറുക്കുവാൻ കഴിയുന്ന ഒരു രാഷ്ട്രീയ - സാമൂഹ്യ - സാംസ്കാരിക അന്തരീക്ഷം വികസിപ്പിക്കുക എന്ന പ്രധാനപ്പെട്ട ദൗത്യം ഈ കാലയളവിൽ നമുക്ക് ഏറ്റെടുക്കേ തു്.

വിദ്യാഭ്യാസ വകുപ്പ് അഴിമതി ഏറ്റവും നന്നായി നടത്താവുന്ന മേഖലയാണെന്ന് ഇക്കൂട്ടർ തെളിയിച്ചിരിക്കുന്നു. പൊതുവിദ്യാഭ്യാസത്തിന്റെ വിശ്വാസ്യതയെയാണ് ഇതുവഴി തകർത്തെറിഞ്ഞത്. പാഠപുസ്തക അച്ചടിയും വിതരണവുമായി ബന്ധപ്പെട്ട് നടന്ന അഴിമതികഥകൾ വലിയ ചർച്ചയായി. കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ പഠിക്കുന്ന 35 ലക്ഷത്തിലധികം വരുന്ന വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ആശങ്കയിലാഴ്ത്തി ഒന്നാം പാദവാർഷിക പരീക്ഷപോലും മാറ്റിവയ്ക്കുന്ന അവസ്ഥയുായി. കോടിക്കണക്കിന് രൂപ അഴിമതി നടത്തുന്നതിനുവേിയാണ് പാഠപുസ്തക അച്ചടിയെ അവർ ഉപയോഗപ്പെടുത്താൻ ശ്രമിച്ചത്. ചരിത്രത്തിലാദ്യമായി എസ്.എസ്.എൽ.സി യുടെ പരീക്ഷാഫലം രുപ്രാവശ്യം നടത്തി. മന്ത്രിയുടെ ദുർവാശിയാണ് ഇതിനു കാരണമായി പറയുന്നതെങ്കിലും കേരളത്തിലെ എസ്എസ്എൽസി പരീക്ഷയ്ക്കുായിരുന്ന ഖ്യാതി നശിപ്പിക്കുക എന്ന ഗൂഢലക്ഷ്യം ഇതിന്റെ പിന്നിലു്.

ഉന്നത വിദ്യാഭ്യാസരംഗത്തേക്കുള്ള ചവിട്ടുപടിയെന്ന നിലയിൽ നാം കാണുന്ന ഹയർസെക്കന്ററി - വൊക്കേഷണൽ ഹയർസെക്കന്ററി മേഖലകളെ സർക്കാർ തീർത്തും അവഗണിക്കുകയാണ്. അഴിമതി മാത്രം ലക്ഷ്യംവെച്ചുകൊ് ശാസ്ത്രീയമായ യാതൊരു പഠനങ്ങൾക്കോ അന്വേഷണങ്ങൾക്കോ വിധേയമാക്കാതെയാണ് നൂറുകണക്കിന് ഹയർസെക്കന്ററി ബാച്ചുകളും വിദ്യാലയങ്ങളും അനുവദിച്ചത്. ഹയർസെക്കന്ററി ഡയറക്ടർ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾപോലും മറികടന്ന് വലിയൊരു കച്ചവടത്തിന് സർക്കാർ നേതൃത്വം നൽകി. ഇത്തവണത്തെ വിദ്യാർത്ഥി പ്രവേശന നടപടിയിലും അൺ-എയ്ഡഡ് മാനേജുമെന്റുകൾക്ക് അനുകൂലമായ സമീപനമാണ് കൈക്കൊത്. ഏകജാലക പ്രവേശനത്തിലെ അലോട്ടുമെന്റ് രുപ്രാവശ്യമാക്കി പരിമിതപ്പെടുത്തി. ഗവൺമെന്റ് / എയ്ഡഡ് സ്കൂളുകളിൽ ഒരുലക്ഷത്തിലധികം സീറ്റുകൾ ഇപ്പോഴും ഒഴിഞ്ഞുകിടക്കുകയാണ്. ഈ മേഖലയിലെ അധ്യാപകരുടെ സ്ഥലംമാറ്റം ജൂനിയർ അധ്യാപകരെ സീനിയറാക്കുക, പ്രിൻസിപ്പൽമാരുടെ പ്രശ്നങ്ങൾ എന്നിവ പരിഹരിക്കാൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഹയർസെക്കന്ററി മേഖലയിലെ പ്രവൃത്തിദിവസം അഞ്ചാക്കികുറച്ചെങ്കിലും വൊക്കേഷണൽ ഹയർസെക്കന്ററി മേഖലയിൽ ഇപ്പോഴും 6 പ്രവർത്തിദിവസമാണ്. ഈ ര ു മേഖലകളുടെയും സമഗ്രപുരോഗതിക്കുള്ള ഒരുതരത്തിലുമുള്ള ആലോചനയും നടത്താൻ സർക്കാർ തയ്യാറാകുന്നില്ല.

യു.ഡി.എഫ് സർക്കാർ അധികാത്തിലേറിയശേഷം അധ്യാപകസമൂഹം ആശങ്കയുടെ മുൾമുനയിലാണ് ജീവിക്കുന്നത്. അധ്യാപകരുടെ തൊഴിൽ സുരക്ഷ അന്ത്യന്തം അപകടത്തിലാണ്. 2010-11 ൽ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് നടന്ന തസ്തിക നിർണയത്തിനുശേഷം ഈ മേഖലയിൽ തസ്തികാ നിർണയം നടന്നിട്ടില്ല. അധ്യാപകരുടെ പുനർവിന്യാസം, അധ്യാപകബാങ്ക്

അധ്യാപക പാക്കേജ് തുടങ്ങിയ എല്ലാ നടപടികളും പിൻവലിച്ചുകൊ് പുതിയ തസ്തിക നിർണയവും സംരക്ഷണാനുകൂല്യങ്ങളും സംബന്ധിച്ച ഉത്തരവ് ഇപ്പോൾ പുറത്തിറങ്ങിയിരിക്കുന്നു. എന്നാൽ ഈ നിർദ്ദേശങ്ങളൊന്നും പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നില്ല. അധ്യാപകസംഘടനകളുമായി യാതൊരു ചർച്ചയും നടത്താതെ സാമുദായിക സംഘടനകളുമായി മാത്രം ചർച്ച നടത്തി അവർക്കനുകൂലമായ ചില നിർദ്ദേശങ്ങൾ മാത്രമാണ് വന്നിട്ടുള്ളത്. അധ്യാപക-വിദ്യാർത്ഥി അനുപാതം ക്ലാസടിസ്ഥാനത്തിൽ 1:30, 1:35 എന്നാക്കി ഗവൺമെന്റ് / എയ്ഡഡ് വ്യത്യാസമില്ലാതെ തസ്തിക സൃഷ്ടിച്ച് അധ്യാപക നിയമനം നടത്തണമെന്ന കേന്ദ്രവിദ്യാഭ്യാസ നിയമം നടപ്പിലാക്കാൻ സർക്കാർ തയ്യാറായിട്ടില്ല. 2010-11 ലെ തസ്തികാ നിർണയ പ്രകാരം നിലവിലുായിരുന്ന തസ്തികകളിൽ നിയമിക്കപ്പെട്ടവർക്ക് തസ്തിക നഷ്ടപ്പെടുന്നുങ്കെിൽമാത്രം 1:30, 1:35 എന്ന അനുപാതം അനുവദിച്ചുകൊ് അംഗീകാരം നൽകും. എന്നാൽ പുതിയ തസ്തികകൾക്ക് 1:45 എന്ന അനുപാതം തന്നെ തുടരും. തസ്തികയും സ്കൂൾ കുട്ടികളും ഇല്ലാതെ ഏത്രകാലം ഈ രീതിയിൽ അധ്യാപകരെ സംരക്ഷിക്കാൻ കഴിയും എന്ന ആശങ്ക വിട്ടുമാറാതെ അലോസരപ്പെടുത്തുകയാണ്. ഗവൺമെന്റ് സ്കൂളുകളിൽ ഈ അനുപാതത്തെക്കുറിച്ച് ഒന്നും പറയാത്തത് ആശങ്കാജനകമാണ്. മാത്രമല്ല എസ്.എസ്.എ, ആർ.എം.എസ്.എ മേഖലയിൽ ഒഴിവുള്ള തസ്തികകളിൽപോലും എയ്ഡഡ് മേഖലയിലെ അധ്യാപകരെ പുനർവിന്യസിക്കാനുള്ള തീരുമാനം അത്യന്തം പ്രതിഷേധാർഹമാണ്. പരിമിതമായ ജോലിസാധ്യതപോലും ഇതുമൂലം നഷ്ടപ്പെടുന്നു. കേന്ദ്ര വിദ്യാഭ്യാസ നിയമത്തിൽ കുട്ടികളുടെ എണ്ണം നോക്കാതെ എല്ലാ സ്കൂളുകളിലും സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ സേവനം ഉറപ്പുവരുത്തണം. എന്ന് അനുശാസിക്കുന്നു. എന്നാൽ പുതിയ നിർദ്ദേശത്തിൽ കെ.ഇ.ആർ പ്രകാരം കുട്ടികൾ / പിരീഡുകൾ ഉങ്കെിൽ മാത്രമേ നിയമിക്കാൻ പാടുള്ളൂ. ഇത് കേന്ദ്ര വിദ്യാഭ്യാസ നിയമത്തിന്റെ അന്തസത്തയെതന്നെ ചോദ്യം ചെയ്യുന്നു. 60 കുട്ടികളെങ്കിലുമുള്ള സ്കൂളുകളിൽ മാത്രമേ ഇനിമുതൽ പുതിയ നിയമനമുള്ളൂ. 60 ൽ കുറഞ്ഞ കുട്ടികളുള്ള സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിലായിരിക്കും നിയമനം. ഇതോടെ കുട്ടികൾ കുറവുള്ള സ്കൂളുകൾ എല്ലാം സ്വാഭാവിക മരണത്തിനിടയാക്കും. ആയിരക്കണക്കിന് സ്കൂളുകളാണ് ഇതുമൂലം അടച്ചുപൂട്ടപ്പെടുക. ഇത്തരമൊരു സാഹചര്യമുള്ളപ്പോൾതന്നെയാണ് നൂറുകണക്കിന് അൺ-എയ്ഡഡ് സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകികൊിരിക്കുന്നതും. ഗവൺമെന്റ്-എയ്ഡഡ് വ്യത്യാസമില്ലാതെ എല്ലാ വിദ്യാലയങ്ങളിലും ക്ലാസടിസ്ഥാനത്തിൽ അധ്യാപക-വിദ്യാർത്ഥി അനുപാതം 1:30, 1:35 ആക്കി തസ്തിക സൃഷ്ടിക്കുകയും അതിന്റെ ഭാഗമായി മാനേജ്മെന്റ് സ്കൂളുകളിൽ ഉാകുന്ന അധിക തസ്തികകളിൽ ഈ മേഖലയിൽ നിന്നും പുറത്തുപോകുന്ന അധ്യാപകരെ സംരക്ഷിക്കാൻ തയ്യാറാവുകയും ചെയ്താൽ മാത്രമേ അധ്യാപകരുടെ ജോലിസംരക്ഷണത്തിന് ശാശ്വതമായ പരിഹാരമാവുകയുള്ളൂ.

അധ്യാപകന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതോടൊപ്പംതന്നെ പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുക എന്ന ഉത്തരവാദിത്തം ഏറ്റെടുത്തു പ്രവർത്തിക്കാൻ ഈ രജതജൂബിലി വർഷത്തിൽ നമുക്ക് കഴിയണം. കരുത്തുറ്റ പോരാട്ടങ്ങൾ നടത്തി മുന്നേറിയ നമ്മുടെ പ്രസ്ഥാനത്തിനുമാത്രമേ ഈ കടമ നിർവഹിക്കാൻ കഴിയൂ. വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും മതനിരപേക്ഷത സംരക്ഷിക്കുന്നതിനുള്ള പോരാട്ടങ്ങൾ ശക്തിപ്പെടുത്തുകയും വേണം. പൊതുവിദ്യാഭ്യാസം സംരക്ഷിക്കാനാഗ്രഹിക്കുന്ന മുഴുവനാളുകളുടെയും വിപുലമായ ഐക്യപ്രസ്ഥാനം വളർത്തിയെടുക്കണം. ഈ രജതജൂബിലി വർഷത്തിൽ നാം ആസൂത്രണം ചെയ്ത എല്ലാ പ്രവർത്തനങ്ങളും ഏറ്റെടുത്ത് വിജയിപ്പിക്കാൻ അധ്യാപക സമൂഹം ഒന്നടങ്കം തയ്യാറാവേതു്.